കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2015 മാർച്ച് 10, ചൊവ്വ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2015 മാർച്ച് മാസം 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...ഓർഡർ.... ചോദ്യം നമ്പർ *31-ഉം ചോദ്യം നമ്പർ *42- ഉം ക്ലബ് ചെയ്യുന്നു.

നവജാതശിശുക്കളുടെ മരണം

1 (*31) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവജാതശിശുക്കളുടെ മരണം തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അട്ടപ്പാടിയിൽ കാര്യങ്ങൾ നേരിട്ട് നിരീക്ഷിക്കാനും പ്രതിവിധി നടപടികൾ നിർദ്ദേശിക്കാനുമായി എസ്. എം. വിജയാനന്ദ് ഐ.എ.എസ്.-ന്റെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ആ കമ്മിറ്റിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതുസംബന്ധിച്ച് എസ്. എം. വിജയാനന്ദ് ഐ.എ.എസ്. കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) : സർ,

(എ&ബി) അട്ടപ്പാടിയിൽ നവജാത ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുമായി മുൻ കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശിന്റെ നിർദ്ദേശാനുസരണം കേന്ദ്ര ഗ്രാമവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിനെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തി.

(സി) ഇപ്പോൾ നിലവിലില്ല.

(ഡി) സംസ്ഥാന സർക്കാരിന് ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ആദിവാസി മേഖലയിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങളും ശിശുമരണങ്ങളും

2 (*42) ശ്രീ. എ. കെ. ബാലൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവും കൂട്ടശിശു മരണങ്ങളും, നിലവിലും പരിഹരിക്കുന്നതിന് സാദ്ധ്യമാകുന്നില്ല എന്നും, ഇത്തരം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഈ മേഖലയിൽ നില്നിൽക്കുന്നതായുമുള്ള പഠന റിപ്പോർട്ടുകളിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(ബി) ആദിവാസികൾക്ക് ആരോഗ്യരംഗത്ത് സംരക്ഷണം നൽകുമെന്ന് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ആദിവാസി സമൂഹത്തോട് കാണിക്കുന്ന അവഗണന കാരണമാണ് ഇത്തരത്തിൽ ദുരിതങ്ങൾ ആവർത്തിക്കപ്പെടുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആദിവാസി ജനവിഭാഗങ്ങൾ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly